**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വൈദ്യുതി ലൈനിൽ നിന്നും ഷോക്ക് ഏറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം അപകടങ്ങൾ കുറഞ്ഞു വരുന്നതായി SMART SOFTWARE ലെ കണക്കുകൾ സൂചിപ്പിക്കുന്നു. (2021- 78 അപകട മരണങ്ങൾ ഉണ്ടായി, 2022- 61 അപകട മരണങ്ങൾ ഉണ്ടായി). |
| (ബി) | എങ്കിൽ ഇത്തരം അപകടങ്ങൾ തടയാൻ വൈദ്യുത ബോർഡ് സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സുരക്ഷാ മാനുവൽ കെ.എസ്.ഇ.ബി.എൽ. പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്ക് വേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പു വരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തിവരുന്നു.<br><br>വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ് നടപ്പാക്കിയിട്ടുണ്ട്.)<br><br>അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി.ലിമിറ്റഡിലെ വൈദ്യുത വിതരണ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ് , ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നല്കിയിട്ടുള്ളത്. കാലപഴക്കം മൂലം കേടാവുന്നവ ഉടനടി പകരം വാങ്ങി നൽകുന്നുമുണ്ട്.<br><br>ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ, എന്നിവ പാലിക്കു ന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും, ഫീൽഡ് സ്റ്റാഫിന്റെ ജോലി സ്ഥലത്തെ പി.പി.ഇ. ഉപയോഗം എന്നിവ വിലയിരു ത്തുവാൻ ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാൻ ആയിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി സർക്കിൾ അടിസ്ഥാനത്തിൽ നടന്നു വരുന്നു.<br><br>സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ് .ഇ.ബി.എൽ ദൃശ്യ/ ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ